# മെത്രാപ്പോലീത്തായുടെ കത്ത്

**(ജൂൺ 2015)**



**കർത്താവിൽ പ്രിയരേ,**

പ്രകൃതിദുരന്തങ്ങളുടെ ആവർത്തനം നേപ്പാളിലും പരിസരപ്രദേശങ്ങളിലും നിരന്തരം ദുരിതങ്ങൾ വിതച്ചു കൊണ്ടിരിക്കുകയാണ്. ജീവിതത്തെത്തന്നെ കണ്ണുനീരിലാഴ്ത്തുന്നതും മനുഷ്യ മനഃസാക്ഷിയെത്തന്നെ ഞെട്ടിപ്പിക്കുന്നതുമായ ദുരന്ത വാർത്തകളാണ് അനുദിനം വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുകൊണ്ടിരിക്കുന്നത്. വടക്കേ ഇന്ത്യയിൽ ഭൂചലനങ്ങൾ അനുഭവിക്കുമ്പോൾ അതിന്റെ അനുരണനമെന്നപോലെ നമ്മുടെ നാട്ടിലും ചലനങ്ങൾ അനുഭവപ്പെടുന്നുണ്ട് എന്നതൊരു വസ്തുതയത്രെ. അടുത്തകാലത്ത് തെക്കൻ കേരളത്തിന്റെ പല ഭാഗത്തായി അനുഭവപ്പെട്ട അഭൂതപൂർവമായ മഴ വിന്യാസം തെക്കൻസമുദ്രത്തിലുണ്ടായ പ്രകമ്പനങ്ങളുടെ ഫലമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. നേപ്പാളിലെ ആദ്യ ഭൂകമ്പത്തിനു തൊട്ടു തലേദിവസം കൊല്ലത്തിനും തിരുവനന്തപുരത്തിനും മധ്യേ സമുദ്രത്തിൽ വലിയൊരു ചുഴി ഉളവായത് ബഹിരാകാശപേടകങ്ങൾ നൽകിയ ദൃശ്യങ്ങളിൽ പ്രകടമായതാണ്. ആന്ധ്രായിലും മറ്റും ഉളവായ സൂര്യാതാപം മൂലം അനേകർക്ക് മരണം സംഭവിച്ചത് ഭീതിജനകമായ ഒരനുഭവമായിരുന്നു. പ്രകൃതിയുടെ ഇത്തരത്തിലുള്ള പ്രതികരണങ്ങൾ ഈ ഭൂമിയെയും പ്രകൃതിയെയും നശിപ്പിക്കുന്ന മനുഷ്യന്റെ പ്രവണതകൾക്കുള്ള തിരിച്ചടികളാണ് എന്നു ശാസ്ത്രജ്ഞർ തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്. ദൈവം സൃഷ്ടിച്ചതായ ഈ പ്രപഞ്ചത്തിനു ദൈവം നൽകിയിരിക്കുന്നതായ താളലയങ്ങൾ തടസ്സപ്പെടുത്തുന്നതായ മനുഷ്യ നിർമിത ദുരന്തങ്ങളാണ് പ്രകൃതി ദുരന്തങ്ങൾക്ക് പലപ്പോഴും കളമൊരുക്കുന്നത് എന്ന സത്യം ഇനിയെങ്കിലും മനസ്സിലാക്കി പരിസ്ഥിതി സംരക്ഷണം എന്നത് ഗൗരവമേറിയ കാര്യമായി നാം പരിഗണിക്കേണ്ടതായിട്ടുണ്ട്. സകല സൃഷ്ടികളുടെമേലും അധികാരമുള്ള സ്രഷ്ടാവിന്റെ കരങ്ങളിൽ മാത്രമേ നാം സുരക്ഷിതരായിരിക്കുന്നുള്ളൂ എന്ന തിരിച്ചറിവ് എല്ലാവർക്കുമുണ്ടാകേണ്ടിയിരിക്കുന്നു. 8-ാം സങ്കീർത്തനത്തിൽ സൃഷ്ടിയെ ആദരിച്ചു പരിപാലിക്കുന്ന സ്രഷ്ടാവിന്റെ മനുഷ്യനോടുള്ള കരുതൽ വളരെ ഹൃദ്യമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. “നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം? നീ അവനെ ദൈവത്തെക്കാൾ അൽപം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു''. ദൈവം തേജസും ബഹുമാനവും നൽകി അനുഗ്രഹിച്ച മനുഷ്യൻ ദൈവം സൃഷ്ടിച്ച പ്രകൃതിയുടെ തേജസിനെ കളങ്കപ്പെടുത്തിയപ്പോൾ മനുഷ്യൻ തന്റെ തന്നെ തേജസിനും ബഹുമാനത്തിനും കളങ്കമേൽപിക്കുകയാണുണ്ടായത്. “സമസ്ത സൃഷ്ടിയുടെയും പരിപാലകനായ ദൈവമേ, ഞങ്ങളറിഞ്ഞുകൊണ്ടും അറിയാതെയും ചെയ്തുപോയ കളങ്കങ്ങൾ പോക്കി അവിടുത്തെ കരങ്ങളാൽ ഞങ്ങളെ കാത്തുകൊള്ളേണമേ” എന്നു നമുക്കു പ്രാർത്ഥിക്കാം.

കേരളരാഷ്ട്രീയ നഭോമണ്ഡലത്തിൽ ജനാധിപത്യവിരുദ്ധ പ്രതികരണങ്ങളുടെ കരിമേഘങ്ങൾ ഏവരേയും ആശങ്കാകുലരാക്കുന്ന വിധത്തിൽ പടർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഈ പോക്ക് എങ്ങോട്ട്? എന്ന ചോദ്യം ജനാധിപത്യസ്നേഹികളെയെല്ലാം അലട്ടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന് തൊട്ടുകിടക്കുന്ന സംസ്ഥാനങ്ങളായ കർണ്ണാടകയിലും തമിഴ്നാട്ടിലും ഭരണപക്ഷവും പ്രതിപക്ഷവും ഉണ്ടെങ്കിലും അവരെല്ലാം അവരുടെ സംസ്ഥാനത്തിന്റെ പൊതുതാൽപര്യത്തിന്റെ ഒരു വിഷയം വരുമ്പോൾ ഒറ്റക്കെട്ടായി നിൽക്കുന്ന കാഴ്ച നാം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് വ്യക്തിഹത്യ നടത്തി സ്വാർത്ഥ രാഷ്ട്രീയം കൊണ്ടാടുന്നതിലാണ് ഭരണ-പ്രതിപക്ഷ ഭേദമെന്യേ പലർക്കും താൽപര്യം. ഭരണപക്ഷത്തും പ്രതിപക്ഷത്തും മുന്നണികളാണ് ഉള്ളതെങ്കിലും മുന്നണിയ്ക്കുള്ളിൽ തന്നെയുള്ള പരസ്പര പോരാട്ടങ്ങളാണ് ഇന്നു വാർത്തകളിൽ നിറയുന്നത്. സംസ്ഥാനത്തിന്റെ ക്ഷേമത്തിനുവേണ്ടി ഐക്യത്തോടെ നിരന്തരം പ്രവർത്തിക്കുന്നതിനു പകരം ‘മലർന്നുകിടന്നു തുപ്പുക’ എന്ന ശൈലി ഓർമ്മിപ്പിക്കും വിധമുള്ള പ്രവർത്തനങ്ങളാണ് ഭരണപക്ഷത്തു കാണുന്നത്. പ്രതിപക്ഷമുന്നണിയുടെ അവസ്ഥയും വ്യത്യസ്തമല്ല. ഇതു വേദനാജനകമായ അനുഭവമാണ്.

ഇക്കഴിഞ്ഞ ICSE പരീക്ഷയിൽ അഭിമാനകരമായ വിജയം നേടി സ്ഥാപനോദ്ദേശ്യം അന്വർത്ഥമാക്കിയ നമ്മുടെ സഭയുടെ സ്കൂളുകളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഭൂരിപക്ഷം വിദ്യാർത്ഥികളും ഫസ്റ്റ് ക്ലാസും, ഡിസ്റ്റിംഗ്ഷനും വാങ്ങി പാസ്സായി എന്നത് അഭിമാനകരമാണ്. വിജയം നേടിയെടുത്ത വിദ്യാർത്ഥികളെയും വിജയശില്പികളായിരിക്കുന്ന പ്രഥമാദ്ധ്യാപകരെയും അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു.

നമ്മുടെ പ്ലസ്ടു പരീക്ഷാഫലം പുറത്തുവന്നപ്പോൾ അഭിമാനകരമായ നേട്ടമാണ് നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ 6 ഹയർസെക്കണ്ടറി സ്കൂളുകൾക്കും ലഭ്യമായത്. 95.12% നേടി പ്രശസ്ത വിജയം കരസ്ഥമാക്കിയ തിരുവല്ല എസ്.സി.എസ് ഹയർ സെക്കണ്ടറി സ്കൂളിലെ തെസ്നി മറിയം തോമസ്, ഫേബാ സൂസൻ ജോൺ എന്നിവർക്ക് സയൻസ് വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും 100% മാർക്ക് (1200/1200) ലഭിച്ചു എന്നത് ഏറെ സന്തോഷകരമാണ്. 2 വർഷം മുമ്പ് ഈ സ്കൂളിലെ തന്നെ മറ്റൊരു കുട്ടിക്ക് 100% മാർക്ക് ലഭിച്ചിരുന്നു. കുന്നം മാർത്തോമ്മാ സ്കൂളിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ എം.എൽ.റ്റി. കോഴ്സിൽ 100% വിജയം ലഭിക്കുകയും ഒരു കുട്ടിക്ക്

എല്ലാ വിഷയത്തിനും A+ ലഭിക്കുകയും ചെയ്തു. പത്തനംതിട്ട മാർത്തോമ്മാ സ്കൂളിൽ 28 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിനും A+ ലഭിച്ചു. പൂർവ്വാധികം ഉന്നതമായ വിജയം കരസ്ഥമാക്കിയ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളെയും പ്രിൻസിപ്പൽമാരെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. വിജയം നേടുന്നതിന് പ്രോത്സാഹനം നല്കിയ മാനേജർ ഡോ. സൂസമ്മ മാത്യുവിനെയും അനുമോദിക്കുന്നു. കാസർഗോഡ് ബധിരവിദ്യാലയത്തിനും ഹയർസെക്കണ്ടറി സ്കൂളിനും 100% വിജയം കൈവരിക്കാൻ സാധിച്ചു എന്നതും ഏറെ അഭിമാനകരമത്രെ. പ്രിൻസിപ്പലിനെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.

ജൂൺ മാസത്തിൽ നമ്മുടെ പിഞ്ചോമനകൾ വിദ്യാരംഭം കുറിക്കുന്നു. വിദ്യാരംഭശുശ്രൂഷകൾ എല്ലാ ഇടവകകളിലും നടത്തണമെന്നുള്ള കൽപന അനുസരിച്ച് സമുചിതമായി അവ ക്രമീകരിക്കേണ്ടതാണ്. പുതിയ ക്ലാസുകളിലേക്ക് പ്രവേശിക്കുന്ന കുഞ്ഞുങ്ങൾക്കും എല്ലാവിധമായ ആശംസകളും നേരുന്നു.

പഠിച്ചില്ലെങ്കിലും പ്രമോഷൻ ലഭിക്കും എന്ന ധാരണയിൽ, വേണ്ട വിധത്തിൽ പഠനം നടത്താതെ ഉയർന്ന ക്ലാസുകളിലേക്കു കയറ്റം ലഭിക്കുന്ന വിദ്യാർത്ഥികൾ നീന്തൽ പഠിക്കാതെ നീന്തലിനുള്ള സർട്ടിഫിക്കറ്റുമായി ഇറങ്ങുന്നവരെപ്പോലെയാണ്. ഈ പ്രവണത മാറ്റിയെടുക്കുവാൻ, പഠനം ഗൗരവമായിട്ടെടുക്കുന്നതിലും കുട്ടികളെ ബോധവൽക്കരിക്കുന്നതിലും നമ്മുടെ എൽ.പി., യു.പി., സ്കൂളുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 900 ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന നമ്മുടെ നന്ദമുക്ക് യു.പി. സ്കൂൾ നമ്മുടെ എല്ലാ സ്കൂളുകൾക്കും ഒരു മാതൃകയാണ്. എന്നാൽ ഇപ്പോൾ അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ 8-ാം ക്ലാസിലേക്കു കടക്കുമ്പോൾ അടുത്തുള്ള ഹൈസ്കൂളിലേക്കു പോകേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. അതു ഹൈസ്കൂളായി ഉയർത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനുള്ള കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുവാൻ എല്ലാവരുടെയും സഹകരണം ഉണ്ടാകണം. സംഭാവനയായി നൽകുന്ന തുകകൾ തിരുവല്ലായിലുള്ള കോർപറേറ്റ് മാനേജരുടെ ഓഫീസിലേക്കു അയച്ചുകൊടുക്കാവുന്നതാണ്. നന്ദമുക്ക് യു.പി. സ്കൂളിലെ പ്രവേശനത്തിനായി നിശ്ചയിക്കുന്ന സമയത്തിനു ഒരു മാസം മുമ്പുതന്നെ അഡ്മിഷൻ പൂർത്തീകരിക്കേണ്ട അവസ്ഥയാണിന്നുള്ളത്. ആ സ്കൂളിൽ തങ്ങളുടെ കുട്ടികൾ പഠിക്കുന്നത് തങ്ങളുടെ അഭിമാനമായി കാണുന്ന ആ നാട്ടുകാരിൽ ബഹുഭൂരിപക്ഷവും മുസ്ലീം സഹോദരങ്ങളാണെന്നുള്ളത് ശ്രദ്ധേയമാണ്.

ഓരോ അദ്ധ്യയന വർഷത്തിലും വിദ്യാരംഭം കുറിക്കുന്ന പിഞ്ചോമനകൾ സ്കൂളിലേക്ക് എത്തുന്ന കാഴ്ച ഹൃദയസ്പർശിയാണ്. പുത്തനുടുപ്പിട്ട്, പുതിയ സഞ്ചിയും പുതിയ പാഠപുസ്തകങ്ങളുമായി അമ്മയോടും അച്ഛനോടും കൂടി സന്തോഷത്തോടെ തുള്ളിച്ചാടി ചിത്രശലഭങ്ങളെപ്പോലെ സ്കൂളിലേക്കെത്തുന്ന പിഞ്ചോമനകൾ ക്ലാസ്സിലിരുന്നു കഴിയുമ്പോൾ മാതാപിതാക്കൾ ക്ലാസിനു പുറത്തു നിൽക്കും. അപ്പോൾ മുതൽ ക്ലാസിൽ കരച്ചിലുകൾ ഉയരുന്നത് ഒരു വിദ്യാലയവർഷാരംഭത്തിലെ ഒരു സ്ഥിരം അനുഭവമാണ്. ഈ കാഴ്ച കാണുന്നവരുടെ കണ്ണു നിറയാതിരിക്കുകയില്ല. എന്നാൽ ക്ലാസിൽ പുതിയ കൂട്ടുകാരെ കിട്ടിക്കഴിയുമ്പോൾ സന്തോഷത്തിന്റെ ആരവം ക്ലാസുകളിൽ ഉയരുന്ന അനുഭവവും ഹൃദയാവർജകമാണ്. "ഒന്നാനം കൊച്ചുതുമ്പി എന്റെ കൂടെ പോരുമോ നീ..." എന്നിങ്ങനെയുള്ള പാട്ടുകൾ പാടി സ്കൂൾ അനുഭവത്തെ കുട്ടികൾ ആവേശകരമാക്കുന്നത് ഓർമ്മകളിലെ ഏറെ ഹൃദ്യമായ അനുഭവമാണ്. ഇന്നത്തെ കുട്ടികൾ അകപ്പെടുന്ന ഒരു പ്രതിഭാസം ട്യൂഷനാണ്. വിശ്രമവേളകളെ വിനോദപ്രദമാക്കുവാൻ കുട്ടികളെ നാം സജ്ജരാക്കേണ്ടതാണ്. അവരുടെ വിശ്രമവേളകളെ ട്യൂഷൻ എന്ന പ്രതിഭാസം വന്ന് കീഴടക്കുമ്പോൾ ഒരുമിച്ചു കൂട്ടുകൂടാനും ഒരുമിച്ചു കളിച്ചു വളരുവാനുമുള്ള വിലപ്പെട്ട അവസരങ്ങളാണ് നഷ്ടപ്പെടുന്നത്. പാഠ്യവിഷയത്തിൽ മാത്രം നിപുണത നേടുന്നതുകൊണ്ടു മാത്രം വിദ്യാഭ്യാസലക്ഷ്യമായ സ്വഭാവരൂപീകരണം നടക്കുകയില്ല. ഉദാത്തമായ പാരസ്പര്യത്തിലൂടെയാണ് നല്ല മൂല്യങ്ങൾ സംവേദനം ചെയ്യപ്പെടുന്നത്. ഇക്കാര്യത്തിൽ മാതാപിതാക്കളും ശ്രദ്ധിക്കേണ്ടതാണ്. അദ്ധ്യാപകർക്ക് അദ്ധ്യാപനരീതികൾ മെച്ചപ്പെടുത്താനുള്ള പരിശീലന പരിപാടികൾ നമ്മുടെ സ്കൂളുകളിൽ സംഘടിപ്പിക്കുന്നത് അഭികാമ്യമായിരിക്കും. അദ്ധ്യാപനരീതിയിൽ External Audit സാധ്യമാകത്തക്കവണ്ണം ആ മേഖലയിൽ പ്രഗത്ഭരായവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിൽ മാനേജ്മെന്റിലെ സ്കൂളുകൾ പ്രത്യേകം ശ്രദ്ധിക്കണം. ഒരോ വിദ്യാലയവും ഈ രീതിയിൽ മെച്ചപ്പെടുമ്പോൾ അവിടെ നിന്നും പുറത്തിറങ്ങുന്ന കുട്ടികളും അത്തരത്തിൽ ഉന്നത നിലവാരം പുലർത്തുന്നവരായിരിക്കും. തിരുവല്ല നിക്കോൾസൺ സ്കൂൾ, ആലുവ യു.സി. കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾ ഉത്തമോദാഹരണങ്ങളാണ്.

നമ്മുടെ മധ്യത്തിലുണ്ടായിരുന്ന അതുല്യ പ്രതിഭയും വേദശാസ്ത്രചിന്തകനും സാമൂഹ്യ ചിന്തകനുമായ ഡോ. എം.എം. തോമസിന്റെ ജന്മശതാബ്ദി മെയ് 15-ാം തീയതി അനുസ്മരിക്കുകയുണ്ടായി. ഇപ്രാവശ്യത്തെ താരകയിൽ അദ്ദേഹത്തിന്റെ സംഭാവനകളെ അനുസ്മരിച്ചുകൊണ്ടുള്ള ഒരു ലേഖനം ചേർത്തിട്ടുണ്ട്.

മാർത്തോമ്മാ സഭയുടെ സംഗീതവിഭാഗമായ DSMC യിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഗായകസംഘങ്ങളുടെ പ്രതിഷ്ഠാശുശ്രൂഷ എല്ലാ ഇടവകകളിലും സമുചിതമായി നടന്നുകാണുമെന്ന് വിശ്വസിക്കുന്നു. DSMC യിൽ രജിസ്റ്റർ ചെയ്യാത്ത ഗായകസംഘങ്ങൾക്കും കേന്ദ്ര യുവജനസഖ്യത്തിൽ രജിസ്റ്റർ ചെയ്യാത്ത ശാഖകൾക്കും ഇടവകകൈസ്ഥാനസമിതിയിൽ പ്രതിനിധികളെ നിർദ്ദേശിക്കുവാൻ സാധിക്കുകയില്ല എന്ന ഭരണഘടന നിബന്ധന പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

മെയ് 1-ാം തീയതി മുതൽ പുതിയ ഇടവകകളിൽ വികാരിമാരായി സ്ഥാനമേറ്റെടുത്ത എല്ലാ പട്ടക്കാരുടെയും ശുശ്രൂഷകൾ ഇടവകകൾക്ക് നവജീവൻ പകരട്ടെ എന്നാശംസിക്കുന്നു. ഇതുവരെ പ്രവർത്തിച്ച ഇടവകകളിൽ നിർവഹിച്ച ശ്രേഷ്ഠ ശുശ്രൂഷകൾക്ക് അഭിനന്ദനം അറിയിക്കുന്നു.

ഈ കഴിഞ്ഞ മാസം എക്യുമെനിക്കൽ മേഖലയിൽ സുപ്രധാനമായ ചില ഇടപെടലുകൾ നടത്തുവാൻ ഇടയായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഇന്ത്യയുടെ ഉത്തരപൂർവ മേഖലയിലെ ഗോസ്നർ ഇവാഞ്ചലിക്കൽ സഭയിലെ രണ്ട് വിഭാഗങ്ങൾ തമ്മിൽ ദശകങ്ങളായി നിലനിന്നിരുന്ന ഭിന്നതയ്ക്ക് വിരാമമിടുവാൻ തക്കവണ്ണം ഐക്യകൂട്ടായ്മയ്ക്ക് മധ്യസ്ഥനാവാൻ നാം ക്ഷണിക്കപ്പെടുകയും സംഘർഷത്തിന്റെ മഞ്ഞുരുക്കൽ പ്രക്രിയയ്ക്ക് സഹായകരമാംവണ്ണം ആ ദൗത്യം നിർവഹിക്കുവാൻ സാധിക്കുകയും ചെയ്തു. രണ്ടു വിഭാഗങ്ങളും നമ്മിൽ അർപ്പിച്ച വിശ്വാസത്തിനു നന്ദി പറയുന്നു.

കുറെ നാളുകളായി പ്രവർത്തനത്തിൽ മാന്ദ്യം അനുഭവപ്പെട്ടിരുന്ന CCI (Communion of Churches in India) കൂടുതൽ ഊർജ്ജസ്വലമാക്കാൻ തീരുമാനമായിട്ടുണ്ട്. മോഡറേറ്റർ തിരഞ്ഞെടുപ്പിൽ വന്ന കാലതാമസം കൊണ്ടാണ് ഇടക്കാലത്ത് പ്രവർത്തനങ്ങൾ മന്ദീഭവിച്ചത്. സി.എസ്.ഐ സഭയുടെ ജനറൽ സെക്രട്ടറിയായ ഡോ. രത്നാകര സദനന്തയെ സി.സി.ഐ യുടെ ജനറൽ സെക്രട്ടറിയായും മാർത്തോമ്മാ സഭയുടെ അൽമായ ട്രസ്റ്റി ശ്രീ. പ്രകാശ് പി.തോമസിനെ ട്രഷററായും തിരഞ്ഞെടുത്തിട്ടുണ്ട്. നിശ്ചയമായും ഇനിയും സി.സി.ഐ യുടെ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാകുമെന്ന് പ്രതീക്ഷിക്കാം. ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ വച്ചു നടന്ന ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ (CCA) യുടെ 14-ാമത് അസംബ്ലി യോഗത്തിൽ നമ്മുടെ പ്രതിനിധികളെ കൂടാതെ പ്രത്യേക ക്ഷണപ്രകാരം പങ്കെടുക്കുന്നതിനും പ്രാരംഭയോഗനടപടികൾ പ്രാർത്ഥിച്ചാരംഭിക്കുവാനും നാം നിയോഗിക്കപ്പെട്ടിരുന്നു. ഏഷ്യയിലെ 101 സഭകളും 17 റീജനൽ കൗൺസിലിലുള്ള പ്രതിനിധികളും യൂറോപ്പിലും ആഫ്രിക്കയിലുമുള്ള എക്യുമെനിക്കൽ പ്രതിനിധികളും ഉൾക്കൊള്ളുന്ന സമ്മേളനത്തിൽ പങ്കെടുക്കുവാൻ സാധിച്ചത് ധന്യമായൊരു അനുഭവമായിരുന്നു. അടുത്ത അഞ്ചു വർഷത്തേയ്ക്ക് CCA എക്സിക്യൂട്ടീവ് സെക്രട്ടറിയായി നമ്മുടെ സഭാംഗമായ ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര നിയമിക്കപ്പെട്ടു എന്നത് സഭയ്ക്ക് അഭിമാനകരമായ ഒരു വസ്തുതയത്രെ.

ജൂൺ മാസത്തിൽ ശ്ലീഹാനോമ്പുവീടലിന്റെ ദിവസം സഭാശുശ്രൂഷയിൽ 58-ാം സംവൽസരത്തിലേക്ക് നാം പ്രവേശിക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരിയിൽ എപ്പിസ്കോപ്പൽ ശുശ്രൂഷയിൽ നാലു ദശകങ്ങൾ പിന്നിട്ട് 5-ാം ദശകത്തിലേക്കു കടന്നു. ദൈവം നൽകിയ ആയുസിൽ ദൈവകൃപയുടെ 84 സംവൽസരങ്ങൾ പൂർത്തിയാക്കി ജൂൺ 27-ാം തീയതി 85-ാം വയസിലേക്കു പ്രവേശിക്കുകയാണ്. ഈ നിമിഷം വരെയും ശക്തി പകർന്ന കർത്താവ് തുടർന്നും ശക്തീകരിക്കുമെന്ന വിശ്വാസത്തോടും ഉറപ്പോടും കൂടിയാണ് നാം പുതുവൽസരത്തിലേക്കു പ്രവേശിക്കുവാൻ ഒരുങ്ങുന്നത്. എല്ലാവരുടേയും പ്രാർത്ഥനയുടെ പിൻബലം ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു.

ജൂൺമാസത്തിലെ ധ്യാനത്തിലേക്കു പ്രവേശിക്കുമ്പോൾ ആദ്യ ഞായറാഴ്ച നാം ധ്യാനിക്കുന്നത് വിദ്യാഭ്യാസഞായറുമായി ബന്ധപ്പെട്ട് ഉയരത്തിൽനിന്നും പ്രാപിക്കേണ്ട ജ്ഞാനത്തെക്കുറിച്ചാണ്. ഉയരത്തിൽ നിന്നുള്ള ജ്ഞാനമാണ് മനുഷ്യനെ ദൈവത്തിന്റെ സ്വപ്നങ്ങളിലേക്ക് നയിക്കുന്നത്. ദൈവഹിതപ്രകാരം ജീവിതം രൂപപ്പെടണമെങ്കിൽ ദൈവീക പരിജ്ഞാനത്തിൽ നമ്മുടെ കുട്ടികൾ പരിശീലിപ്പിക്കപ്പെടണം. ബാല്യകാലത്തുനിന്നും യൗവ്വനകാലഘട്ടത്തിലേക്കുള്ള യേശുവിന്റെ വളർച്ചയുടെ കാലഘട്ടത്തെ “യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വന്നു” എന്നാണ് വിശേഷിപ്പിക്കുന്നത്. ഉയരത്തിൽനിന്നുള്ള ജ്ഞാനം ലഭിക്കുമ്പോഴാണ് സ്രഷ്ടാവിന്റെ മഹത്വത്തെ സൃഷ്ടിയിലൂടെ തിരിച്ചറിയുവാൻ സാധിക്കുന്നത്. ജൂൺ 14 പരിസ്ഥിതി ഞായറായി നാം ആചരിക്കണം. സൃഷ്ടി ദൈവത്തിന്റെ മഹത്വത്തെ എല്ലായ്പോഴും പ്രഘോഷിച്ചുകൊണ്ടാണിരിക്കുന്നത്. പരിസ്ഥിതി എന്നത് ഒരു ആത്മീയ വിഷയമായിട്ടു കൂടിയാണ് സഭയിന്നു പരിഗണിക്കുന്നത്.

ഇയ്യോബിന്റെ പുസ്തകം സ്രഷ്ടാവിന്റെ മഹത്വം സൃഷ്ടി വെളിപ്പെടുത്തുന്നതിനെക്കുറിച്ച് അനേകം പ്രതിപാദ്യങ്ങൾ അടങ്ങിയ പുസ്തകമാണ്. വേദനയുടെ തീച്ചൂളയിൽ വെന്തു നീറുമ്പോഴും സുഹൃത്തുക്കളും സ്വന്തം ഭാര്യപോലും ദൈവത്തെ തിരസ്കരിക്കുവാൻ പ്രേരിപ്പിക്കുമ്പോൾപോലും ഇയ്യോബ് ദൈവത്തെ തള്ളിപ്പറയുകയല്ല സൃഷ്ടിയിലൂടെ വെളിപ്പെടുന്ന ദൈവമഹത്വത്തെ കൂടുതലായി തിരിച്ചറിയുവാൻ ശ്രമിക്കുകയാണ്. 37-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. “ഇയ്യോബേ, ഇതു ശ്രദ്ധിച്ചുകൊൾക; മിണ്ടാതിരുന്ന് ദൈവത്തിന്റെ അൽഭുതങ്ങളെ ചിന്തിച്ചുകൊൾക. ദൈവം അവയ്ക്കു കല്പന കൊടുക്കുന്നതും തന്റെ മേഘത്തിലെ മിന്നൽ പ്രകാശിപ്പിക്കുന്നതും എങ്ങനെ എന്നു നീ പറയുന്നുവോ? മേഘങ്ങളുടെ ആക്കത്തൂക്കവും ജ്ഞാനസമ്പൂർണ്ണനായവന്റെ അൽഭുതങ്ങളും നീ അറിയുന്നുവോ?”. ഈ അൽഭുതങ്ങളിലൂടെയെല്ലാം പ്രകൃതിയുടെ മഹത്വം മാത്രമല്ല സ്രഷ്ടാവിന്റെ മഹത്വവും ഇയ്യോബ് തിരിച്ചറിയുകയായിരുന്നു. നൈൽ നദിയിലെ നദീഹയത്തെക്കുറിച്ച് ദൈവം പറയുന്നത് “നദി കവിഞ്ഞൊഴുകിയാലും അതു ഭ്രമിക്കുന്നില്ല; യോർദ്ദാൻ അതിന്റെ വായിലേക്കു ചാടിയാലും അതു നിർഭയമായിരിക്കും” (40:23) എന്നാണ്. മനുഷ്യനും അഭയമായിരിക്കുന്നത് ഈ സ്രഷ്ടാവാണ്. 42-ാം അദ്ധ്യായത്തിൽ ഇയ്യോബ് പറയുന്നു”- ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു” (വാക്യം 5) ദൈവത്തിന്റെ മഹത്വം കേൾവിയിൽ നിന്നും കാഴ്ചയായി മാറുന്ന അനുഭവമാണ് ഒരു വിശ്വാസിയുടെ ശരിയായ ജീവിതാനുഭവം.

ജൂൺ മാസത്തിൽ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ നാളുകളിൽ ശ്ലീഹന്മാരുടെ വിളിയും തിരഞ്ഞെടുപ്പും നാം ധ്യാനിക്കുന്നു. പത്രോസ് ശ്ലീഹായും പൗലോസ് ശ്ലീഹായും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിച്ചവരും തങ്ങളുടെ ജീവിതംകൊണ്ട് ശിഷ്യത്വത്തിന്റെ നില നൽകിയവരാണ്. “ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലോ” (1 പത്രോസ് 4:13,14). ക്രിസ്തുവിനുവേണ്ടി നാം കഷ്ടതകൾ ഏറ്റുവാങ്ങുമ്പോൾ നാം യഥാർത്ഥ ശിഷ്യത്വത്തിന്റെ പാതയിലൂടെയാണ് സഞ്ചരിക്കുന്നത്. ഈ യാത്രയിൽ ദൈവത്തിന്റെ ആത്മാവ് നമ്മിൽ ആവസിക്കുന്നു എന്നതാണ് നമുക്കുള്ള ഏറ്റവും വലിയ ധൈര്യം. “സുവിശേഷം ഘോഷിക്കുന്നില്ലായെങ്കിൽ എനിക്കു അയ്യോ കഷ്ടം” എന്നു പറയുന്ന പൗലോസ് ശ്ലീഹായുടെ സാക്ഷ്യം നമുക്കു മാതൃകയാക്കാം. മുൻകാലങ്ങളിൽ നമ്മുടെ സഭയിൽ ശ്ലീഹന്മാരുടെ നാളുകളിലായിരുന്നു പട്ടത്വസ്ഥാനം, വിശിഷ്യ ശെമ്മാശപട്ടത്വസ്ഥാനം നൽകിയിരുന്നത്. ശ്ലീഹന്മാരുടെ കാൽച്ചുവടുകൾ പിന്തുടരുവാനും കർത്താവിന് മഹത്വം കരേറ്റുന്ന കർത്താവിന്റെ സാക്ഷികളായിത്തീരുവാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.



പുലാത്തീൻ,
25-05-2015

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**